പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 38 — 11.12.2012-ൽ മറുപടിയ്ക്ക്

# വൈദ്യുതി സാമ്പത്തിക പുനരുദ്ധാരണ പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അജിത് :<br>ശ്രീ. വി. എസ്. സുനിൽ കുമാർ :<br>ശ്രീ. വി. ശശി :<br>ശ്രീ. ഇ. കെ. വിജയൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ നിർദ്ദേശിച്ച വൈദ്യുതി സാമ്പത്തിക പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കേന്ദ്രസർക്കാർ നിർദ്ദേശിച്ച പാക്കേജ് തത്വത്തിൽ അംഗീകരിക്കുന്നതിനുള്ള ബോർഡിന്റെ സമ്മതം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ സ്കീം പ്രകാരം മുഖ്യമായും ബോർഡിന്റെ 31.03.2012ലെ ഹ്രസ്വകാല വായ്പകളും ബാധ്യതകളുമായ 2640.63 കോടിയുടെ 50% തുകയായ 1320.32 കോടി രൂപ കേരള സർക്കാർ നിർബന്ധമായും ഏറ്റെടുക്കേണ്ടതാണ്. കേന്ദ്രഗവൺമെന്റ് പാക്കേജിന്റെ അനുബന്ധം-C പ്രകാരം ചില നിർബന്ധിത നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. സാമ്പത്തിക പുനരുദ്ധാരണ സ്കീം, ഇതു സംബന്ധിച്ച് വൈദ്യുതി ബോർഡ് സമർപ്പിച്ച നിർദ്ദേശങ്ങൾ എന്നിവ സർക്കാരിന്റെ പരിഗണനയിലാണ്. വിശദമായ പരിശോധനയ്ക്കു ശേഷം സ്കീം നടപ്പിലാക്കുന്നതു സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാവുന്നതാണ്. |
| (ബി) ഈ പാക്കേജ് തള്ളിക്കളയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്തുമോ ? | (ബി) പാക്കേജ് തള്ളിക്കളയണമെന്ന രേഖാമൂലമുള്ള ആവശ്യം ഉന്നയിക്കപ്പെട്ടിട്ടില്ല. എല്ലാ വസ്തുതകളും പരിശോധിച്ച ശേഷം അന്തിമ തീരുമാനം കൈക്കൊള്ളാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.